## പത്രക്കുറിപ്പ്

# മാല മോഷണ കേസിൽ ആശുപത്രി ജീവനക്കാരി പിടിയിൽ

# പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിലെ പ്രതി പിടിയിൽ

## കോവിഡ്-19

### വിലക്ക് ലംഘനം: 101 പേർക്കെതിരെ നിയമനടപടി 33,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- മെഡിക്കൽ കോളേജ് സ്റ്റേഷൻ പരിധിയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ നിന്നും രോഗിയുടെ മാതാവിന്റെ സ്വർണ്ണമാല മോഷണം പോയ കേസിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നെയ്യാറ്റിൻകര കുന്നത്തുകാൽ നാറാണി വാർഡിൽ മുറിഞ്ഞാട കുരിശടിക്കു താഴെ മുറിഞ്ഞാട വീട്ടിൽ ശ്രീലത(43) യെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. മകളുടെ പ്രസവത്തിനായി അഡ്മിറ്റാക്കിയിരുന്ന സമയം ഒപ്പമുണ്ടായിരുന്ന കാട്ടാക്കട സ്വദേശിയായ മാതാവിന്റെ 5 പവൻ തൂക്കം വരുന്ന സ്വർണ്ണമാലയാണ് മോഷണം പോയത്. ആശുപത്രി വാർഡിൽ രാത്രി ഉറങ്ങുന്ന സമയം തലയിണ കവറിൽ ഊരി സൂക്ഷിച്ചിരുന്ന സ്വർണ്ണമാല കാണാതായ പരാതിയെ തുടർന്ന് മെഡിക്കൽ കോളേജ് പോലീസ് അന്നേദിവസം ആ വാർഡിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരെ കേന്ദ്രീകരിച്ചുനടന്ന അന്വേഷണത്തിലാണ് പ്രതി കുടുങ്ങിയത്. പ്രതി ശ്രീലത ഉൾപ്പെടെയുള്ളവരെ പോലീസ് ചോദ്യം ചെയ്തുവെങ്കിലും ആരും തന്നെ

മോഷ്ടിച്ചിട്ടില്ലായെന്നുള്ള മൊഴിയിൽ ഉറച്ചുനിന്നതിനെ തുടർന്ന് സ്റ്റാഫുകളുടെ വാസസ്ഥലം കേന്ദ്രീകരിച്ച് നടത്തിയ രഹസ്യ അന്വേഷണത്തിലാണ് മോഷണം തെളിഞ്ഞത്. പ്രതി മോഷണമാല ഒരു പ്രമുഖ ജൂവലറിയിൽ വിൽപ്പന നടത്താൻ ശ്രമിച്ചതായും പിന്നീട് നെയ്യാറ്റിൻകരയിലെ ഒരു ജൂവലറിയിൽ വിൽപ്പന നടത്തിയതായും ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുകയായിരുന്നു. തുടർന്ന് പ്രതി കുറ്റം സമ്മതിക്കുകയും, പ്രതി വിൽപ്പന നടത്തിയ ജൂവലറിയിൽ നിന്നും സ്വർണ്ണമാല കണ്ടെടുക്കുകയും മോഷണ മുതൽ സഹിതം അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. മോഷണ വിവരം ശ്രദ്ധയിൽപ്പെട്ട തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ. ദിവ്യ വി ഗോപിനാഥിന്റെ പ്രത്യേക നിർദ്ദേശാനുസരണം മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നല്കിയായിരുന്നു അന്വേഷണം. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാലിന്റെ നേതൃത്വത്തിൽ എസ്.ഐ-മാരായ പ്രശാന്ത്, ജ്യോതിഷ്, പ്രിയ, മാർവിൻ എസ്.സി.പി.ഒ രഞ്ജിത്ത്, സി.പി.ഒ-മാരായ പ്രതാപൻ, അനിൽ എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം ഫിഷ് ലാന്റിനു സമീപം വിഴിഞ്ഞം പോലീസിനെ ആക്രമിക്കുകയും ഡ്യൂട്ടി തടസ്സപ്പെടുത്തുകയും ചെയ്ത കേസിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ്

കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ചന്തക്കു സമീപം കരിയിലക്കെട്ട് പുരയിടം വീട്ടിൽ ക്രിസ്തുദാസൻ (50) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റുചെയ്തത്. ഡിസംബർ ഒന്നിന് വൈകുന്നേരം 6.30 മണിയോടെ വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ബസ്റ്റാന്റിൽ നിന്നും ഫിഷ് ലാന്റിലോട്ട് പോകുന്ന റോഡിൽ പൊതു സ്ഥലത്ത് മദ്യപിക്കുകയും ബഹളം വക്കുകയും ചെയ്യുന്നതു കണ്ട് അവിടെയെത്തിയ എസ്.ഐയുടെയും പ്രൊബേഷൻ എസ്.ഐയുടേയും നേതൃത്വത്തിലുള്ള പട്രോളിംഗ് സംഘം പൊതുസ്ഥലത്ത് മദ്യപിച്ച് ബഹളം വക്കുന്നത് തടയാൻ ശ്രമിക്കവേ പോലീസ് പാർട്ടിയെ ആക്രമിക്കുകയും ഡ്യൂട്ടി തടസ്സപ്പെടുത്തുകയുമായിരുന്നു. വിഴിഞ്ഞം ബസ് സ്റ്റാൻഡ് പരിസരങ്ങളിലും ഫിഷ് ലാന്റ് മേഘലകളിലും പൊതുസ്ഥലത്ത് പരസ്യമായി മദ്യപിക്കുന്ന ആളുകൾക്കെതിരെ വിഴിഞ്ഞം പോലീസ് സ്ഥിരമായി നിയമനടപടികൾ സ്വീകരിച്ചു വന്നിരുന്നതാണ് പ്രതികൾ ഒത്തുചേർന്ന് പോലീസിനെ ആക്രമിക്കുന്നതിന് കാരണമായത്. തിരുവനന്തപുരം സിറ്റിഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ. ദിവ്യ. വി. ഗോപിനാഥിന്റെ പ്രത്യേക നിർദ്ദേശാനുസരണം വിഴിഞ്ഞം ഫിഷ് ലാന്റ് മേഖലകളിലെ സ്ഥിര മദ്യപാന കേന്ദ്രങ്ങളിൽ വിഴിഞ്ഞം പോലീസ് നിരന്തരം പട്രോളിംഗും പരിശോധനകളും നടത്തിവരികയാണ്. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രവീൺ കുമാർ, എസ്.ഐ മാരായ സജി, വിഷ്ണു സജീവ് എന്നിവരുടെ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (20-12-2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 101 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 31 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 64 പേരിൽ നിന്നും സാമൂഹികഅകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 33,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുറന്ന് പ്രവർത്തിച്ച 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
20-12-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി